12502
29/6/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിലുള്ള തെലുങ്കാന സംസ്ഥാനത്ത് രംഗറെഡ്ഡി ജില്ലയിൽ ബന്ദ് ലഗുഡ സ്വദേശിനിയായ ശ്രീമതി.രുദ്രമ്മയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി ആർ എഫ് - എ ) വകുപ്പ്

ജി.ഒ.(ആർ.റ്റി) നമ്പർ :2340 /2018 /റവ. തിരുവനന്തപുരം തീയതി, 21.06.2018

പരാമർശം:- തിരുവനന്തപുരം പേരൂർക്കട സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ടിന്റെ 05/05/2018 ലെ സി.എ.1307/18/മാ.ആ.കേ നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിലുള്ള തെലുങ്കാന സ്വദേശിനിയായ ശ്രീമതി രുദ്രമ്മയെ തിരികെ നാട്ടിലെത്തിക്കുന്നതിനും ടിയാളുടെ പുനരധിവാസത്തിനും സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി മാനസികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

മേൽ വിഷയം സർക്കാർ പരിശോധിച്ച് ശ്രീമതി. രുദ്രമ്മയ്ക്ക് നൽകുന്നതിനായി ( Smt.Ranavath Rudramma, W/o Mr. Ranavath Kishan,H.No. 9-b/1501, Nakkala Adivasi Colony, Tatti Annaram, Bandlaguda, K.V.Rangareddy, Telengana 500068) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അൻപതിനായിരം (50000/-) രൂപ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടി അൻപതിനായിരം (50000/-) രൂപ 2075-00-800-40 Contribution to Chief Minister's Distress Relief Fund(NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, തുക ശ്രീമതി. രുദ്രമ്മയ്ക്ക് ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ഡിമാന്റ് ഡ്രാഫ്റ്റായി തെലുങ്കാനയിലെ രംഗറെഡ്ഡി ജില്ലാകളക്ടർക്ക് അടിയന്തിരമായി കൈമാറേണ്ടതും ശ്രീമതി. രുദ്രമ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് രംഗറെഡ്ഡി ജില്ലാകളക്ടർ ടി തുക കൈമാറേണ്ടതും അപേക്ഷക തുക കൈപ്പറ്റിയ വിവരം സഹിതമുള്ള റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ , രംഗറെഡ്ഡി,തെലുങ്കാന.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.മുഖ്യമന്ത്രിയുടെ ഓഫീസ്.
ധനകാര്യ(ഫണ്ട്സ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Smitha A.S.
സെക്ഷൻ ഓഫീസർ